# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2408** — 19.03.2015-ൽ മറുപടിക്ക്

### നാഷണൽ അർബൻ ഹെൽത്ത് മിഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നഗരസഭകളിൽ നാഷണൽ അർബൻ ഹെൽത്ത് മിഷൻ (എൻ.യു.എച്ച്.എം) പദ്ധതി നടപ്പിലാക്കുന്നുണ്ടോ ; വിശദമാക്കാമോ ; | (എ) നടപ്പിലാക്കുന്നുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളെയും ആലപ്പുഴ, കോട്ടയം, പാലക്കാട്, മഞ്ചേരി, നെയ്യാറ്റിൻകര, കണ്ണൂർ, തൊടുപുഴ, പത്തനംതിട്ട, കൽപ്പറ്റ, കാസർഗോഡ് എന്നീ നഗരസഭകളെയുമാണ് തെരഞ്ഞെടുത്തത്. 2014-15 സാമ്പത്തിക വർഷത്തിൽ നെടുമങ്ങാട്, കരുനാഗപ്പള്ളി, കായംകുളം, ചങ്ങനാശ്ശേരി, കൊടുങ്ങല്ലൂർ, ചാലക്കുടി, ഷൊർണ്ണൂർ, ഒറ്റപ്പാലം, കൊയിലാണ്ടി, വടകര, മലപ്പുറം, പെരിന്തൽമണ്ണ, പൊന്നാനി, തിരൂർ, കോട്ടയ്ക്കൽ, പയ്യന്നൂർ, തളിപ്പറമ്പ്, തലശ്ശേരി, കാഞ്ഞങ്ങാട്, തൃപ്പൂണിത്തുറ, കളമശ്ശേരി, തൃക്കാക്കര എന്നിവിടങ്ങളിലാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) ഇതിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് എൻ.യു.എച്ച്.എം സെന്ററുകൾ ആരംഭിക്കുന്നത് ; ഇതിനോടകം ആരംഭിച്ച സെന്ററുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ; | (ബി) ഇതിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനിൽ വട്ടിയൂർക്കാവ്, കളിപ്പാംകുളം, ചാക്ക, തൃക്കണ്ണാപുരം, ചാല, വെട്ടുകാട്, രാജാജി നഗർ എന്നീ സെന്ററുകളും, നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ പൂവത്തൂർ സെന്ററും ആരംഭിച്ചു കഴിഞ്ഞു. നഗരസഭ അതിർത്തിയിൽ കരിയാത്തി, കണ്ണന്മൂല, നന്തൻകോട് എന്നിവ പണി പൂർത്തിയായി വരുന്നു. നെയ്യാറ്റിൻകരയിൽ മാമ്പഴക്കര, ചായ്ക്കോട്ടുകോണം എന്നിവയും തിരുവനന്തപുരം നഗരസഭയിൽ കല്ലടിമുഖം, പാൽകുളങ്ങര എന്നിവിടങ്ങളിലും പണി ആരംഭിക്കുന്നതാണ്. |

(......2)

| | |
|---|---|
| (സി) ഒരു എൻ.യു.എച്ച്.എം സെന്ററിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് ; ഇതുപയോഗിച്ച് എന്തൊക്കെ സൗകര്യങ്ങളാണ് സെന്ററുകളിൽ ലഭ്യമാക്കുന്നത് ; | (സി) 2014-15 സാമ്പത്തിക വർഷത്തിലെ അംഗീകരിച്ച പദ്ധതി നടത്തിപ്പ് മാർഗ്ഗരേഖ പ്രകാരം ഒരു അർബൻ പി.എച്ച്.സി. -ക്ക് അനുവദിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. |

| | | |
|---|---|---|
| Renovation/ Upgradation of existing facility to UPHC | @ Rs.7.5 lakhs per UPHC | for 22 new UPHCs |
| United grants to UPHC | @ Rs.2.5 lakhs per UPHC | for 76 UPHCs |
| Medicines & consumables | @ Rs.6.25 lakhs per UPHC | for 76 UPHCs |
| Purchase Desktop Computer, UPS, one Printer and one time internet installation charges to strengthen MCTS & HMIS activities | @ Rs.50,000 per UPHC | for 22 new UPHCs |

| | |
|---|---|
| (ഡി) തിരുവനന്തപുരം കോർപ്പറേഷന്റെ നിലവിലുള്ള ഏതെങ്കിലും ഹെൽത്ത് സെന്ററുകൾ (CWC) ഇതിനായി ഉപയോഗിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അവിടെ ഇപ്പോൾ പ്രവർത്തിക്കുന്ന കോർപ്പറേഷൻ JPHN, നഴ്സറി സ്കൂൾ ടീച്ചർ തുടങ്ങിയവർക്ക് തുടർന്ന് പ്രവർത്തിക്കാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ; | (ഡി) ഇപ്പോൾ പ്രവർത്തിക്കുന്ന ജെ.പി.എച്ച്.എൻ, നേഴ്സറി സ്കൂൾ ടീച്ചർ എന്നിവർ തുടർന്ന് പ്രവർത്തിക്കുന്നുണ്ട്. |
| (ഇ) പുതുതായി തുടങ്ങുന്ന എൻ.യു.എച്ച്.എം സെന്ററുകളിലെ വൈദ്യുതി ബിൽ, വാട്ടർ ചാർജ്ജ് തുടങ്ങിയവ അടയ്ക്കേണ്ട ചുമതല ആർക്കാണ്; | (ഇ) വൈദ്യുതി ബിൽ, വാട്ടർ ബിൽ എന്നിവ അടക്കേണ്ട ചുമതല എൻ.യു.എച്ച്.എം. സെന്ററുകൾക്ക് തന്നെയാണ്. |
| (എഫ്) നിരവധി സ്വകാര്യ-സർക്കാർ ആശുപത്രികളും, ഐരാണിമുട്ടം ഹെൽത്ത് സെന്റർ, ഐരാണിമുട്ടം ഹോമിയോ കോളേജ്, ആയുർവേദ കോളേജ് എന്നിവ ഒഴിവാക്കി ഈ പ്രദേശങ്ങളിൽ തന്നെ എൻ.യു.എച്ച്.എം സെന്ററുകൾ തുടങ്ങാനുള്ള കാരണം വ്യക്തമാക്കുമോ ? | (എഫ്) കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.യു. എച്ച്.എം. അനുവദിച്ചിട്ടുള്ളത് നഗരസഭ അതിർത്തിക്കുള്ളിലും, മുനിസിപ്പാലിറ്റി അതിർത്തിക്കുള്ളിലും ഉള്ള സി.ഡബ്ല്യു.സി. കളിലായതിനാലാണ് ഈ സ്ഥലങ്ങളിൽ തുടങ്ങാൻ കാരണമായത്. |

സെക്ഷൻ ഓഫീസർ